# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ജുലൈ 21 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 1

## സിഎഫ്എൽടി / ആർക്യൂഎഫ്സി: കെട്ടിടങ്ങൾ ഏറ്റെടുത്തു

ജില്ലയിൽ കോവിഡ് 19 സമൂഹവ്യാപനം തടയുന്നതിനുള്ള മുന്നൊരുക്കങ്ങളുടെ ഭാഗമായി കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, റിവേഴ്സ് ക്വാറന്റയിൻ ഫെസിലിറ്റീസ് സെന്ററുകൾ എന്നിവ തുടങ്ങുന്നതിന് കൂടുതൽ കെട്ടിടങ്ങൾ ഏറ്റെടുത്ത് ജില്ലാ കളക്ടർ എസ് ഷാനവാസ് ഉത്തരവിട്ടു.

ചാലക്കുടി താലൂക്കിലെ കൊരട്ടി ഗ്രാമപഞ്ചായത്തിൽ കൊരട്ടി ഗാന്ധിഗ്രാം (80 കിടക്കകൾ), ചാലക്കുടി നഗരസഭയിലെ വിജയഗിരി ( 166 കിടക്കകൾ), കൊടുങ്ങല്ലൂർ താലൂക്കിലെ എസ്എൻപുരം ഗ്രാമപഞ്ചായത്തിൽ എംഇഎസ് അസ്മാബി കോളേജ് (150 കിടക്കകൾ) , എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ നെഹ്റാജോറഷാദ് ഇസ്ലാമിക് കോളേജ് ( 150 കിടക്കകൾ), കൊടുങ്ങല്ലൂർ നഗരസഭയിലെ മുസരീസ് കൺവെൻഷൻ സെന്റർ (250 കിടക്കൾ), എറിയാട് ഗ്രാമപഞ്ചായ്ത്തിലെ കോസ്മോപൊളറ്റീൻ കൺവെൻഷൻ സെന്റർ (350 കിടക്കകൾ), കുന്നംകുളം താലൂക്കിലെ കുന്നംകുളം നഗരസഭയിലെ ഗവ. ബധിര മൂക വിദ്യാലയം (130 കിടക്കകൾ), തൃശൂർ താലൂക്കിലെ തൃശൂർ കോർപ്പറേഷനിലെ അരണാട്ടുകര റിജു ആൻഡ് പിഎസ്കെ (150 കിടക്കകൾ), ചേറൂർ റിജു ആൻഡ് പിഎസ്കെ (100 കിടക്കകൾ), ജൂബിലി ആശുപത്രി, സർവീസ് ഓഡിറ്റോറിയം (300 കിടക്കകൾ), കോലഴി ഗ്രാമപഞ്ചായത്ത് റിജു ആൻഡ് പിഎസ്കെ (80 കിടക്കകൾ), നടത്തറ ഗ്രാമപഞ്ചായത്ത് പുഴയോരം റിസോർട്ട് (250 കിടക്കകൾ), മുകുന്ദപുരം താലൂക്കിലെ ഇരിങ്ങാലക്കുട നഗരസഭ ഗായത്രി ഹാൾ (75 കിടക്കകൾ), പിടിആർ മഹൽ (100 കിടക്കകൾ), പ്രിയദർശിനി ഹാൾ (50 കിടക്കകൾ), ക്രൈസ്റ്റ് കോളേജ് (400 കിടക്കകൾ), സെന്റ് ജോസഫ് ഇൻഡോർ (75 കിടക്കകൾ), തലപ്പിള്ളി താലൂക്കിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിലെ ജ്യോതി എഞ്ചിനീയറിംഗ് കോളേജ്, തിരുവില്വാമല ഗ്രാമപഞ്ചായത്തിലെ പമ്പാടി നെഹ്റു എഞ്ചിനീയറിംഗ് കോളേജ് എന്നീ കെട്ടിടങ്ങളാണ് ഏറ്റെടുത്തത്.

## ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്റർ:
## ജൂലൈ 23നകം 6500 കിടക്കകൾ

ജില്ലയിൽ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ ജൂലൈ 23 നകം 6500 കിടക്കകൾ ഒരുക്കും. തിരഞ്ഞെടുത്ത ഏഴ് താലൂക്കുകളിലെയും കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളിൽ കിടക്കകളും ശുചിമുറികളും ഉൾപ്പെടെയുള്ള സൗകര്യങ്ങൾ സജ്ജമാക്കും. ജില്ലാ കളക്ടർ എസ് ഷാനവാസിന്റെ ചേമ്പറിൽ നടന്ന യോഗത്തിലായിരുന്നു തീരുമാനം. ചാലക്കുടി, ചാവക്കാട്, കൊടുങ്ങല്ലൂർ, കുന്ദംകുളം, തലപ്പിള്ളി, തൃശൂർ, മുകുന്ദപുരം എന്നീ താലൂക്കുകളിൽ 40 കേന്ദ്രങ്ങളിലായി കട്ടിൽ, റെക്സിൻ കിടക്ക, കിടക്കവിരി, തലയിണയും ഉൾപ്പെടുന്ന കിടപ്പു സൗകര്യവും ബക്കറ്റ്, മഗ്, ടവ്വലോട് കൂടിയ ശുചിമുറി സൗകര്യവും കൂടാതെ ആരോഗ്യവിഭാഗം ജീവനക്കാരായ ഡോക്ടർമാർക്കും, നഴ്സുമാർക്കുമായി നഴ്സിംഗ് സ്റ്റേഷൻ, ഫാർമസി, ഡോണിംഗ് ഏരിയയും ഡോഫിംഗ് ഏരിയകളുമാണ് ഒരുക്കുന്നത്. നിലവിൽ 12 സെന്ററുകളിലായി 2165 കിടപ്പു സൗകര്യങ്ങൾ ഏർപ്പെടുത്തി. കൂടുതലായി സജ്ജമാക്കാനുള്ള കിടപ്പു സൗകര്യങ്ങൾ ജൂലൈ 23 നകം പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർമാർക്ക് സിഎഫ്എൽടിസി സ്പെഷ്യൽ ഓഫീസർ ജീവൻ ബാബു നിർദ്ദേശം നൽകി. യോഗത്തിൽ സബ് കളക്ടർ അഫ്സാന പർവീൺ, ഡെപ്യൂട്ടി കളക്ടർമാരായ എ ജെ മേരി, പാർവതി ദേവി, എൻ കെ കൃപ, ബ്രീജകുമാരി, സോളി ആന്റണി, എ പി കിരൺ, ഡോ. എം.സി. റെജിൽ, വിവിധ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## പ്ലസ് വൺ ഹയർ സെക്കന്ററി പ്രവേശനം:
## ആശങ്ക വേണ്ട വിദ്യാഭ്യാസ വകുപ്പ്

ഈ വർഷത്തെ പ്ലസ് വൺ ഹയർ സെക്കന്ററി പ്രവേശന നടപടികൾ സംബന്ധിച്ച് രക്ഷിതാക്കൾ ആശങ്കപ്പെടേ സാഹചര്യമില്ലെന്ന് വിദ്യാഭ്യാസ വകുപ്പ്. പ്രവേശന നടപടികൾ ജൂലൈ 24 മുതൽ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി ജില്ലാ ഹയർ സെക്കന്ററി അക്കാദമിക് കോർഡിനേറ്റർ വി എം കരീം അറിയിച്ചു. മുൻവർഷങ്ങളിലെപ്പോലെ ഏകജാലക പ്രവേശനത്തിലൂടെയാണ് അഡ്മിഷൻ പ്രക്രിയ ആരംഭിക്കുക. സർക്കാർ എയ്ഡഡ് സ്കൂളുകളിൽ എല്ലാ സംവരണ മാനദണ്ഡങ്ങളും പാലിച്ചായിരിക്കും പ്രവേശനം. ട്രയൽ അലോട്ട്മെന്റ് കൂടാതെ അലോട്ട്മെന്റുകളും സപ്ലിമെന്ററി അലോട്ടുമെന്റുകളും ഉറപ്പാകും. സ്പോർട്ട്സ് ക്വാട്ട അഡ്മിഷന് കഴിഞ്ഞ വർഷം രജിസ്ട്രേഷൻ ഉണ്ടായിരുന്നു. മെറിറ്റ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിൽ സ്പോർട്ട് കൗൺസിലിൽ ആദ്യ രജിസ്ട്രേഷൻ നടത്തണം. കൗൺസിൽ നൽകുന്ന സ്കോർ കാർഡ് അടക്കം ഏകജാലക രജിസ്ട്രേഷൻ നടത്തണം. ഭിന്നശേഷിയുള്ള കുട്ടികൾക്ക് അവരുടെ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സാധാരണ പോലെ അപേക്ഷിക്കാൻ അവസരമുണ്ടാകും.

2018 ന് മുമ്പ് പാസായ സി.ബി.എസ്.ഇ വിദ്യാർത്ഥികൾ ബോർഡ് പരീക്ഷ എഴുതി എന്ന് സത്യവാങ് മൂലം നൽകേണ്ടി വരും. 2018 ന് ശേഷമുള്ളവർക്ക് സാധാരണ പോലെ അപേക്ഷിക്കാം. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് പ്ലസ് വൺ പരീക്ഷ പൂർത്തിയാക്കി വരുന്ന സി ബി എസ് ഇ/ഐ സി എസ് ഇ വിദ്യാർത്ഥികളുടെ കോമ്പിനേഷൻ വ്യത്യാസമുള്ളതു കൊണ്ട് കേരള സിലബസിൽ രണ്ടാം വർഷം ചേരാൻ സാധിക്കുകയില്ല. അവർക്ക് ആ സംസ്ഥാനത്തെ രജിസ്ട്രേഷൻ ക്യാൻസൽ ചെയ്തു ഇവിടെ ഏകജാലക പ്രവേശനം നേടാം.

2010 മുതൽ നീന്തൽ അറിയുന്നവർക്ക് ബോണസ് പോയന്റ്. ബന്ധപ്പെട്ട ലോക്കൽ ബോഡിയിൽ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ) രൂപീകരിച്ച സ്പോർട്ട്സ് കൗൺസിൽ സെക്രട്ടറി, പ്രസിഡന്റ് എന്നിവർ ഒപ്പിട്ട് സീൽ വച്ച സർട്ടിഫിക്കറ്റ് കോപ്പി അപേക്ഷയോടൊപ്പം വെക്കണം. സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് എസ്.എസ്.എൽ സി കാർഡിലെ ജാതി, സമുദായം എന്നിവ മതിയാകും. സി ബി എസ് ഇ/ഐ സി എസ് ഇ അപേക്ഷാർത്ഥികളുടെ സർട്ടിഫിക്കറ്റിൽ ജാതി /സമുദായം എന്നിവ രേഖപ്പെടുത്താത്തതിനാൽ ആനുകൂല്യം കിട്ടുന്നതിന് സർട്ടിഫിക്കറ്റുകളുടെ കോപ്പി ഹാജരാക്കേണ്ടി വരും.

ജില്ലയിൽ ഓരോ അപേക്ഷാർത്ഥിക്കും വീട്ടിൽ ഇരുന്ന് അപേക്ഷിക്കാവുന്ന വിധത്തിൽ ക്രമീകരണങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. നോട്ടിഫിക്കേഷൻ ഇറങ്ങിയാലുടൻ ജില്ലയിലെ അപേക്ഷാർത്ഥികൾക്ക് സ്വയം അപേക്ഷിക്കാവുന്ന വിധത്തിൽ മൊബൈൽ ആപ്പ് റിലീസ് ചെയ്യും.

എല്ലാ സ്കൂളുകളിലും കരിയർ ഗൈഡൻസ്, നാഷ്ണൽ സർവ്വീസ് സ്കീം എന്നിവയുടെ നേതൃത്വത്തിൽ കരിയർ ഗൈഡുകളുടെയും പ്രോഗ്രാം ഓഫീസർമാരുടെയും ഹെൽപ്പ് ഡെസ ്കുകൾ ഉണ്ടാകും. മറ്റു ഏജൻസികളുടെ സഹായം ഇല്ലാതെ സ്കൂളിൽ തന്നെ കോവിഡ് മാനദണ്ഡങ്ങൾ അനുസരിച്ച് സംവിധാനങ്ങൾ ഒരുക്കും.

## വായനശാല കെട്ടിടം ഉദ്ഘാടനം ചെയ്തു

എമ്മാട് ടി.ആർ. അയ്യപ്പൻ മാസ്റ്റർ സ്മാരക വായനശാലയുടെ പുതിയ കെട്ടിടം നാടിന് സമർപ്പിച്ചു. വായനശാല സ്വന്തമായി വാങ്ങിയ സ്ഥലത്ത് ഇ ടി ടൈസൺ മാസ്റ്റർ എം.എൽ.എ നൽ കിയ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചായിരുന്നു നിർമ്മാണം. കരുണ ജീവകാരുണ്യ സംഘ ത്തിന്റെ കിഴീൽ ഏഴ് വർഷം മുൻപാണ് വായനശാല രൂപം കൊണ്ടത്. കുട്ടികൾ മുതൽ മുതിർന്നവർ വരെ വിവിധ രീതിയിലാണ് വായനശാലയിലേക്ക് വേണ്ട പുസ്തകം സമാഹരിച്ചത്. ഇപ്പോൾ മൂവായിരം പുസ്തകങ്ങളുള്ള ഈ വായനശാലയ്ക്ക് ലൈബ്രറി കൗൺസിൽ അഫിലിയേഷനും ലഭിച്ചു കഴിഞ്ഞു. മേഖലയിൽ നിന്ന് മൺ മറഞ്ഞുപോയ വിവിധ വ്യക്തിത്വങ്ങളുടെ സ്മരണകളിലൂടെയാണ് വായശനശലായിലെ വായന കോർണറുകൾ സജ്ജമാക്കിയിരിക്കുന്നത്. റഫറൻസ് ബാല സാഹിത്യം, രാഷ്ട്രീയം, ആത്മീയം, ഇംഗ്ലീഷ്, ഇതര ഭാഷാസാഹിത്യം, കലാവിഭാഗം (നാടകം,സിനിമ), കരിയർ ഗൈഡൻസ്, സാഹിത്യ വിഭാഗം എന്നിങ്ങനെ പന്ത്രണ്ടോളം വായന കോർണറുകളുണ്ട്. ജനസേവന കേന്ദ്രവും വായനശാലയുടെ ഭാഗമാണ്. ഓൺലൈൻ പഠന കേന്ദ്രവും ഉടൻ ആരംഭിക്കും.

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് നടന്ന ചടങ്ങിൽ ഇ ടി ടൈസൺ മാസ്റ്റർ എം എൽ എ ഉദ്ഘാടനം നിർവ്വഹിച്ചു. മതിലകം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഇ.ജി. സുരേന്ദ്രൻ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ.അബീദലി, വൈസ് പ്രസിഡന്റ് ലൈന അനിൽ, ജില്ലാ പഞ്ചായത്തംഗം ബി.ജി.വിഷ്ണു, വായനശാല സെക്രട്ടറി സുനിൽ.പി. മതിലകം എന്നിവർ പങ്കെടുത്തു.

## കടങ്ങോട് കണ്ടെയ്ൻമെന്റ് സോണിൽ അണുനശീകരണം നടത്തി

കോവിഡ് സ്ഥിരീകരിച്ച കടങ്ങോട് മേഖലയിൽ പഞ്ചായത്തും ആരോഗ്യ വകുപ്പും ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചു. കടങ്ങോട് പഞ്ചായത്തിലെ നാല്, അഞ്ച് വാർഡുകൾ കണ്ടെയ്ൻമെന്റ് സോണായി പ്രഖ്യാപിച്ചിരിക്കുന്ന സാഹചര്യത്തിലാണിത്. വാർഡ് മെമ്പർ കാഞ്ചന മോഹനൻ, യൂത്ത് കോഡിനേറ്റർ അനുഷ് സി.മോഹനൻ, സന്നദ്ധ പ്രവർത്തകൻ ഹിരൺ എന്നിവരുടെ നേതൃത്വത്തിൽ കണ്ടെയ്ൻമെന്റ് സോണായ കടങ്ങോട് മില്ല് മുതൽ പാറപ്പുറം വരെ അണുനശീകരണം നടത്തി. ആരോഗ്യ പ്രവർത്തകർ മേഖലയിലെ വീടുകൾ സന്ദർശിച്ച് രോഗ ലക്ഷണങ്ങളുണ്ടോയെന്ന് ചോദിച്ചറിയുകയും മാർഗ നിർദേശങ്ങൾ നൽകുകയും ചെയ്തിട്ടു്.

രോഗിയുമായി സമ്പർക്കത്തിൽ ഏർപ്പെട്ടവരെ നിരീക്ഷണത്തിൽ പാർപ്പിച്ചിരിക്കുകയാണ്. ഇതിൽ പതിനൊന്ന് പേരെ പരിശോധനയ്ക്ക് വിധേയരാക്കി. പരിശോധന ഫലം അടുത്ത ദിവസം ലഭിക്കും. സമ്പർക്ക പട്ടികയിലുള്ള മറ്റുള്ളവരെ എട്ട് ദിവസത്തിന് ശേഷം പരിശോധനയ്ക്ക് വിധേയരാക്കുമെന്ന് അധികൃതർ അറിയിച്ചു. ആർ.ആർ.ടി ഗ്രൂപ്പിന്റെ നേതൃത്വത്തിൽ ഇവർക്ക് മരുന്നും ഭക്ഷണവും നൽകിവരുന്നു്.

## കോവിഡ് പ്രതിരോധം: നല്ല നാളേയ്ക്ക് ഒരു പുത്തൻചിറ മാതൃക

പത്ത് ദിവസത്തെ അടച്ചിടലിനും അണുനശീകരണത്തിനും ശേഷം പുത്തൻചിറ സാമൂഹികാരോഗ്യ കേന്ദ്രം തുറന്നു പ്രവർത്തിക്കാനാരംഭിച്ചത് സംസ്ഥാനത്തിന് തന്നെ മികച്ച മാതൃക നൽകിക്കൊണ്ടാണ്. കേരളത്തിലെമ്പാടും ആരോഗ്യ പ്രവർത്തകരിൽ നിന്നു വരെ കോവിഡ് വ്യാപനം സംഭവിച്ചപ്പോൾ, ഇവിടെ സ്ഥിതി വ്യത്യസ്തമാണ്. രോഗം സ്ഥിരീകരിച്ച രണ്ട് ആരോഗ്യപ്രവർത്തകരിൽ നിന്ന് ഒരാളിലേയ്ക്കും രോഗം പകർന്നില്ല എന്നതാണ് പുത്തൻചിറ

സ്വീകരിച്ച സുരക്ഷാ മാനദണ്ഡങ്ങളുടെ വിജയം. രോഗബാധിതരുമായി സമ്പർക്കത്തിൽ ഏർപ്പെട്ട നൂറ് പേരുടെയും പരിശോധന ഫലം നെഗറ്റീവായതോടെ സർക്കാർ നിർദ്ദേശിക്കുന്ന സുരക്ഷാ ക്രമീകരണങ്ങളുടെ വിജയവും, വിശ്വാസ്യതയുമാണ് വെളിവാകുന്നത്.

വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന സാമൂഹിക ആരോഗ്യ കേന്ദ്രം ഒ.പി. ബ്ലോക്കുകൾ രണ്ടായി തിരിച്ചാണ് കോവിഡ് പ്രതിരോധ പ്രവർത്തനം ആരംഭിക്കുന്നത്. മാതൃ -ശിശു വയോജന ക്ഷേമ ബ്ലോക്ക് എന്ന നിലയിൽ പ്രഥമ പരിഗണനയിലുള്ളവർക്കായി സുരക്ഷിത സ്ഥാനം ഒരുക്കി, അവരിലേക്ക് രോഗ പകർച്ച വരാതിരിക്കാൻ മുൻകരുതൽ എടുത്തു. ഇതോടെ കേരളത്തിൽ ആദ്യമായി മാതൃ-ശിശു വയോജനങ്ങൾക്കായി അണുബാധ നിയന്ത്രിത സംരക്ഷണ മേഖലയൊരുക്കുന്ന സി എച്ച് സിയായി പുത്തൻചിറ. കോവിഡ് പശ്ചാത്തലത്തിൽ കൃത്യമായ സാമൂഹിക അകലം പാലിച്ച് ചികിത്സ നടത്താൻ പുതിയ ബ്ലോക്കിൽ സംവിധാനമൊരുക്കി. വയോജനങ്ങൾ, ശിശുക്കൾ, ഗർഭിണികൾ, ജീവിതശൈലീരോഗികൾ എന്നിവരിൽ പകർച്ചവ്യാധി ലക്ഷണമായ പനി ഇല്ലാത്തവർക്ക് മാത്രമായി നിയന്ത്രിച്ചു. പ്രത്യേകം ഗ്രീൻ പാസ് സംവിധാനവും ഹെൽപ് ഡെസ ്കും ഒരുക്കി. തെർമൽ സ്കാനിങ്ങ് നടത്തി ഗ്രീൻ പാസ് മുഖേനയാണ് അകത്തേക്കുള്ള പ്രവേശനം. ബ്ലോക്കിലെത്തുന്ന രോഗികളുടെ വിശദമായ ഡാറ്റ ശേഖരിച്ചാണ് ഗ്രീൻ പാസ് നൽകുന്നത്. അവരുടെ വാർഡ്, വീട്ട് നമ്പർ, ഫോൺ നമ്പർ, എൻട്രി ടൈം, വീടുകളിൽ നിരീക്ഷണത്തിൽ ഇരിക്കുന്നവർ ഉണ്ടോ, കോവിഡ് രോഗികൾ ഉണ്ടോ, എന്നിങ്ങനെയുള്ള വിശദമായ ഡാറ്റാ വിശകലനത്തിന് ശേഷമാണ് ഗ്രീൻ പാസ് ലഭിക്കുക. പാസ് ലഭിക്കാത്തവർക്ക് ജനറൽ ഓപിയോട് ചേർന്ന് തന്നെ പ്രത്യേക ഇടത്തിൽ പരിശോധന ലഭ്യമാക്കി. ഇതെല്ലാം രോഗവ്യാപനം തടയുന്നതിന് സഹായിച്ചു.

സർവ്വൈലൻസ് സാംപിൾ എന്ന നിലയിൽ കൂടുതൽ പേരുമായി ഇടപെടുന്ന ഹെൽപ്പ് ഡസ ്ക് ജീവനക്കാരുടെ സാംപിൾ പരിശോധിച്ചിരുന്നു. ഇത് രോഗം ആരോഗ്യ പ്രവർത്തകരിൽ മുൻകൂട്ടി കത്തെി സമ്പർക്ക രോഗവ്യാപനം ഒഴിവാക്കുന്നതിൽ സഹായകമായതായി മെഡിക്കൽ ഓഫീസർ ടി വി ബിനു പറഞ്ഞു.

എച്ച്.എം.സി മീറ്റിങ്ങുകളിൽ ജീവനക്കാർ പാലിക്കേ സുരക്ഷാ മാനദണ്ഡങ്ങളും വേ ഭൗതിക സാഹചര്യങ്ങളും ലഭ്യമാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി അവ ജീവനക്കാർക്ക് ലഭ്യമാക്കി കൊടുക്കുകയും ചെയ്തു. മാസ്കുകളിൽ രോഗവ്യാപനം കുറയ്ക്കുന്ന തരമായ എൻ 95, ട്രിപ്പിൾ ലെയർ എന്നിവ എംഎൽഎ ഫണ്ട്, എൻ ആർ എച്ച് എം ഫണ്ട് എന്നിവ വിനിയോഗിച്ച് ആവശ്യമായ രീതിയിൽ എത്തിച്ചു. സർക്കാർ വിതരണം ചെയ്ത സാനിറ്റൈസർ, എൻ 95, ട്രിപ്പിൾ ലെയർ മാസ്കുകൾ എന്നിവ ഫലപ്രദമായി ഉപയോഗിച്ചതും രോഗ പകർച്ചയെ 100 ശതമാനം തടയാൻ സാധിച്ചു. രോഗം സ്ഥിരീകരിച്ച ഒരു ആരോഗ്യപ്രവർത്തകയ്ക്കും കുടുംബത്തിനും നേരെയുണ്ടായ അപമാനശ്രമം ദൗർഭാഗ്യകരമാണെന്ന് മെഡിക്കൽ ഓഫീസർ പറഞ്ഞു. ഭർത്താവിന്റെയും കുഞ്ഞിന്റെയും ചിത്രം സഹിതം വ്യാജസന്ദേശങ്ങൾ പ്രചരിപ്പിച്ചവർക്കെതിരെ നിയമനടപടിയ്ക്കൊരുങ്ങുകയാണ് ഇവർ.

***ഫോട്ടോ അടിക്കുറിപ്പ്: പത്ത് ദിവസത്തെ അടച്ചിടലിനും അണുനശീകരണത്തിനും ശേഷം പ്രവർത്തനമാരംഭിച്ച പുത്തൻചിറ സാമൂഹികാരോഗ്യ കേന്ദ്രം***

## വായനശാലകളിൽ ഓൺലൈൻ പഠനസൗകര്യമൊരുക്കി വെള്ളാങ്ങല്ലൂർ

വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള വായനശാലകളിൽ ഓൺലൈൻ പഠന സൗകര്യമൊരുക്കി നൽകി. ബ്ലോക്ക് പഞ്ചായത്തും കെഎസ്എഫ്ഇയും സംയുക്തമായാണ് ബ്ലോക്ക് പരിധിയിലെ 22 വായനശാലകൾക്ക് ഓൺലൈൻ പഠന സൗകര്യത്തിനായി ടിവി നൽകിയത്. ബ്ലോക്ക് പഞ്ചായത്തിന് 15,000 രൂപയും കെഎസ്എഫ്ഇ വിദ്യാ പദ്ധതിയുടെ ഭാഗമായുള്ള പതിനായിരം രൂപയും ചേർത്ത് 43 ഇഞ്ച് വരുന്ന ടിവികളാണ് നൽകിയത്. ആകെയുള്ള 5.5 ലക്ഷത്തിൽ 2.2 ലക്ഷം കെഎസ്എഫ്ഇയുടെയും 3.3 ലക്ഷം ബ്ലോക്ക് പഞ്ചായത്തിന്റെയും വിഹിതമാണ്. കെ യു അരുണൻ എംഎൽഎ വിതരണോദ്ഘാടനം നിർവ്വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ എസ് രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ച

ചടങ്ങിൽ കെഎസ്എഫ്ഇ മാനേജിംഗ് ഡയറക്ടർ വി പി സുബ്രഹ്മണ്യൻ, വത്സല ബാബു, സി എസ് സുബീഷ്, ദിവ്യ കുഞ്ഞുണ്ണി എന്നിവർ പങ്കെടുത്തു.

## പ്ലസ് വൺ സയൻസ് ബാച്ചിലേക്ക് അപേക്ഷകൾ ക്ഷണിച്ചു

പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിൽ ചാലക്കുടി നായരങ്ങാടിയിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളിലേക്ക് പ്ലസ് വൺ സയൻസ് ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു. വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കുറയാത്ത പട്ടികവർഗ്ഗ, പട്ടികജാതി, ജനറൽ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് അപേക്ഷിക്കാം. അപേക്ഷാഫോം www.mrschalakudy.blogspot.com എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാമെന്ന് സീനിയർ സൂപ്രണ്ട് അറിയിച്ചു. അപേക്ഷകൾ അയയ്ക്കേ വിലാസം സീനിയർ സൂപ്രണ്ട്, എം ആർ എസ്, ചാലക്കുടി, കോടശ്ശേരി പി ഒ, ചാലക്കുടി, തൃശ്ശൂർ ജില്ല-680721 അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഓഗസ്റ്റ് 5. ഫോൺ 0480 2960400.

## ബ്രാക്കിതെറാപ്പി ചികിത്സ പുനരാരംഭിച്ചു

തൃശൂർ ഗവ. മെഡിക്കൽ കോളേജ് നെഞ്ചുരോഗാശുപത്രിയിലെ റേഡിയോതെറാപ്പി വിഭാഗത്തിൽ കാൻസർ രോഗികൾക്കായുള്ള ബ്രാക്കിതെറാപ്പി ചികിത്സ ജൂലൈ 21 മുതൽ പുനരാരംഭിച്ചു. ഗർഭാശയ കാൻസർ ഉള്ള രോഗികൾക്കും അന്നനാളത്തിൽ കാൻസർ ബാധിച്ച രോഗികൾക്കും ഗുണകരമായ ചികിത്സയാണ്. ഫോൺ: 0487-2200315, 2200316.

## സൗജന്യ കരിയർ വെബിനാർ

തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റിന്റെ നേതൃത്വത്തിൽ പ്ലസ് ടു പാസ്സായവർക്കും പഠിക്കുന്നവർക്കും ഉപരിപഠന സാധ്യതകളെക്കുറിച്ച് സൗജന്യ കരിയർ വെബിനാർ നടത്തുന്നു. ജൂലൈ 24 ന് ഗൂഗിൾ മീറ്റ് ആപ്ലിക്കേഷൻ വഴിയാണ് വെബിനാർ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 250 കുട്ടികൾക്കാണ് പങ്കെടുക്കാൻ അവസരം. താൽപര്യമുള്ളവർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെടണം. രജിസ്റ്റർ ചെയ്യുന്നവർ ലിങ്ക് അയച്ച് നൽകും. ഫോൺ: 0487 2331016, 2333742, 9446228282.

## അരിമ്പൂരിലും മണലൂരിലും കുടിവെള്ള പദ്ധതികൾ ഒരുങ്ങി

അരിമ്പൂർ മണലൂർ ഗ്രാമപഞ്ചായത്തുകളിലെ പട്ടികജാതി വിഭാഗക്കാരായ 48 കുടുംബങ്ങൾക്ക് ആവശ്യാനുസരണം കുടിവെള്ളമെത്തിക്കുന്ന പദ്ധതികൾ 23 ന് കമ്മീഷൻ ചെയ്യും. മണലൂർ പഞ്ചായത്തിലെ അഞ്ചാം വാർഡിലെ പട്ടികജാതി ഇറിഗേഷൻ സങ്കേതത്തിനോട് ചേർന്നുള്ള ഭൂമിയിലാണ് കുടിവെള്ള പദ്ധതിയുടെ കിണറും വാട്ടർ ടാങ്കും നിർമ്മിച്ചത്. ഇവിടത്തെ 28 കുടുംബങ്ങളുടെ ചിരകാല ആവശ്യമാണ് നിറവേറ്റപ്പെടുന്നതെന്ന് വാർഡംഗം ജനാർദ്ദനൻ മണ്ണുമ്മൽ പറഞ്ഞു. മണലൂർ താഴം കോൾ പാടശേഖരത്തിനോട് ചേർന്ന് കിടക്കുന്ന പ്രദേശമായതിനാൽ ഈ കുടുംബങ്ങളുടെ ഏക ആശ്രയം വാട്ടർ അതോറിറ്റിയുടെ പീച്ചിയിൽ നിന്നുള്ള ആഴ്ചയിൽ നിശ്ചിത നിവസം മാത്രമുള്ള ശുദ്ധജല വിതരണമായിരുന്നു. സമാന സാഹചര്യം തന്നെ അരിമ്പൂർ പഞ്ചായത്തിലെ മണലൂർ പഞ്ചായത്തിലെയും. പതിനൊന്നാം വാർഡിലെ നായനാർ പട്ടികജാതി സങ്കേതത്തിലെ 20 കുടുംബങ്ങൾക്കാണ് പദ്ധതിയുടെ ഗുണം ലഭിക്കുക.

## സിയറ്റ് കമ്പനിക്ക് കുടുംബശ്രീയുടെ ആയിരം കുടകൾ

സാമൂഹിക അകലം ക്യാമ്പയിന്റെ ഭാഗമായി കുടുംബശ്രീ ടയർ നിർമ്മാണ കമ്പനി ആയ സിയാറ്റിനു ആയിരം കുടകൾ നിർമ്മിച്ച് നൽകി. കോവിഡ് 19 പടർന്നു പിടിക്കുന്ന സാഹചര്യത്തിൽ സാമൂഹിക അകലം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് എന്ന ആശയം

മുൻനിർത്തിയാണ് രാജ്യത്തെ പ്രമുഖ ടയർ നിർമാണ കമ്പനിയായ സീയാറ്റ് ടയേഴ്സ് കുടുംബശ്രീ ജില്ലാ മിഷനുമായി ബന്ധപ്പെട്ടത്. കുടകളിലൂടെ സാമൂഹിക അകലം എന്ന ആശയം മുൻനിർത്തി കുടുംബശ്രീ കുട നിർമാണ യൂണിറ്റുകൾ വഴി കൂട നിർമിച്ചു നൽകാനുള്ള ഓർഡർ നൽകുകയും ചെയ്തു. സാമൂഹിക പ്രതിബദ്ധത പ്രവർത്തനത്തിന്റെ (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) യുടെ ഭാഗമായി കമ്പനി ലോഗോ പ്രിൻറ് ചെയ്ത 1000 വുഡൻ സ്ട്രയിറ്റ് കുടകളാണ് സിയേറ്റ് കമ്പനി നിർദ്ദേശിച്ച മാതൃകയിൽ കുടുംബശ്രീ യൂണിറ്റുകൾ നിർമ്മിച്ച് നൽകിയത്. തൃശ്ശൂർ ജില്ലയിലെ കുട നിർമ്മാണ യൂണിറ്റുകൾ ആയ വേളൂക്കര പഞ്ചായത്തിലെ നൈസ്, നെന്മണിക്കര പഞ്ചായത്തിലെ ഫ്രണ്ട്സ്, വാടാനപ്പിള്ളി പഞ്ചായത്തിലെ ജീവ എന്നീ 3 യൂണിറ്റുകളാണ് സീയെറ്റ് കമ്പനിയുടെ തൃപ്പൂണിത്തറ, കോഴിക്കോട്, തിരുവല്ല എന്നീ മൂന്നു കേന്ദ്രങ്ങളിലേക്ക് കൂടുതൽ നിർമിച്ചു നൽകിയത്.കോവിഡ് നിലനിൽക്കുന്ന സാഹചര്യത്തിൽ വലിയൊരു ഓർഡർ ലഭിച്ചത് കുടുംബശ്രീ കുട നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് വളരെയധികം പ്രചോ ദനകരമായി. തുടർന്നും കുടുംബശ്രീയുമായി ഒത്തുചേർന്ന് നിരവധി പ്രവൃത്തികൾ ചെയ്യുന്നതിന് ഭാരവാഹികൾ താല്പര്യം പ്രകടിപ്പിച്ചതായും കുടുംബ ശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ കെ വി ജ്യോതിഷ് കുമാർ അറിയിച്ചു.

***ഫോട്ടോ അടിക്കുറിപ്പ്: കുടകളിലൂടെ സാമൂഹിക അകലം എന്ന ആശയം മുൻനിർത്തി കുട നിർമ്മിക്കുന്ന കുടുംബശ്രീ യൂണിറ്റ്***

**തുടരും**